പ്രിയരെ, ആദരണീയരെ,

**ജനനീതി**യുടെ അഭിവാദനങ്ങൾ!

ജനകീയാസൂത്രണത്തിലൂടെ
വികസനത്തിന്റെ കേരളമാതൃക
രാജ്യത്തിനകത്തും പുറത്തും
ചരിത്രം കുറിച്ചതോർമ്മിക്കുമല്ലൊ.

**നവകേരള**മെന്ന രണ്ടാമൂഴത്തിലൂടെ
ജനാധികാരത്തിന്റെയും ജനപങ്കാളിത്തത്തിന്റെയും
വിജയഗാഥകളിലൂടെ സുസ്ഥിര വികസനത്തിന്റെ
പുതിയ മാതൃകകൾക്കായി നാം കാത്തിരിക്കുന്നു.

**ആർദ്രം** പദ്ധതി പ്രഖ്യാപനത്തിലൂടെ
ആരോഗ്യ മേഖലയിൽ സമഗ്രമാറ്റങ്ങളുടെ
കൊടിയേറ്റം നടന്നുകഴിഞ്ഞു.
തുടക്കത്തിൽ വളരെ കുറച്ചു കേന്ദ്രങ്ങളിൽമാത്രം
നടപ്പാക്കുന്ന ആർദ്രം പദ്ധതി
സംസ്ഥാനമൊട്ടാകെ യാഥാർത്ഥ്യമാകാൻ
കാലമേറെ കാത്തിരിക്കേണ്ടിവരുമെന്ന് കരുതണം.

എന്നാൽ ആർദ്രത്തെ വരവേല്ക്കാൻ
പ്രാദേശികമായി നമുക്ക് യോഗ്യത നേടാൻ കഴിയും.
ഉദാത്തവും ശ്രേഷ്ഠവുമായ മാതൃക
നമുക്ക് മുമ്പിലുണ്ട്.

അസാധ്യമെന്ന് കരുതിയത് സാധ്യമെന്ന് തെളിയിച്ച,
അസംഭവ്യമായതിനെ സംഭവമാക്കിയ,
സർക്കാരിന്റെ പൊതുജനാരോഗ്യപാലനത്തെ
സ്വകാര്യ-സ്വാശ്രയ സ്ഥാപനങ്ങളുടെ മുമ്പിലെത്തിച്ച
കേരളം അഭിമാനത്തോടെ
നെഞ്ചിലേറ്റിയ **പുനലൂർ മാതൃക**
നമുക്ക് നൽകുന്ന ആത്മനിർവൃതി ചെറുതല്ല.

അത്ഭുതകരവും അവിശ്വസനീയവുമായ ഈ മാറ്റം
പുനലൂർ താലൂക്ക് ആസ്പത്രിയിൽ
സാധ്യമായെങ്കിൽ
എന്തുകൊണ്ട് തൃശൂരിലത് സംഭവിച്ചുകൂട!
ഇക്കാര്യത്തിൽ മറ്റേത് ജില്ലയേക്കാളും
സാങ്കേതിക മികവും വിഭവശേഷിയും
പൗരബോധവും
തൃശൂർ ജില്ലയ്ക്കുണ്ടെന്നതിൽ തർക്കമില്ല.
എങ്കിലെന്തുകൊണ്ട്
നമുക്കൊരു ശ്രമം നടത്തിക്കൂട!

**പുനലൂരിൽ ചരിത്രം തിരുത്തിയെഴുതിയ**
**ഡോ. ഷാഹിർഷാ ഇതിനായി തൃശൂരിലെത്തുന്നു.**
**2017 നവംബർ 7ന് (ചൊവ്വ) രാവിലെ 9.30ന്.**
**കേരള സാഹിത്യ അക്കാദമി (പാലസ് റോഡ്)**
**ഹാളിൽ.**

തൃശൂർ ജില്ലയിലെ ജനപ്രതിനിധികൾ, പൗരപ്രമുഖർ, വ്യാപാരി-വ്യവസായി സമൂഹം, മാധ്യമ പ്രവർത്തകർ, ആരോഗ്യപ്രവർത്തകർ, സന്നദ്ധ - സാമൂഹ്യ സംഘടനകൾ, സാംസ്ക്കാരിക പ്രവർത്തകർ, വായനശാലകൾ, സേവനദാതാക്കൾ, ഗവേഷണ വിദ്യാർത്ഥികൾ, സാമുദായിക നേതാക്കൾ - തുടങ്ങിയവർക്ക് മുമ്പിൽ ഡോ. ഷാഹിർഷാ പുനലൂർ മാതൃക അവതരിപ്പിക്കുന്നു.

പൊതു മേഖലയിലുള്ള നമ്മുടെ ആരോഗ്യസ്ഥാപനങ്ങളുടെയും സേവനങ്ങളുടെയും മികവും, ഗുണമേന്മയും, സാങ്കേതിക വൈദഗ്ധ്യങ്ങളും ജനപങ്കാളിത്തവും ലോകനിലവാരത്തിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെ, നിശ്ചയദാർഢ്യത്തോടെ ഈ വെല്ലുവിളി ഏറ്റെടുക്കാൻ ജനനീതി നല്ലവരായ നിങ്ങൾ എല്ലാവരേയും ആദരവോടെ,
സ്നേഹത്തോടെ ക്ഷണിക്കുന്നു.

ഈ സദുദ്യമത്തിന് എല്ലാവരുടെയും സാന്നിധ്യവും പങ്കാളിത്തവും അനുഗ്രഹാശിസ്സുകളും ഞങ്ങളോടൊപ്പംമുണ്ടാകണം.

കേരളത്തിന്റെ പ്രിയങ്കരിയായ ആരോഗ്യമന്ത്രി ശ്രീമതി കെ.കെ. ശൈലജ ടീച്ചറിന്റെ പൂർണ്ണപിന്തുണ ഈ സംരഭത്തിനുണ്ട്.

തൃശൂരിലെ നമ്മുടെ സ്വന്തം മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അമരക്കാർ-തുടങ്ങി എല്ലാവരുടെയും പിന്തുണയും സഹകരണവും ഞങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്.

ഒരിക്കൽകൂടി നിങ്ങളെ എല്ലാവരെയും സ്നേഹത്തോടെ ക്ഷണിച്ചുകൊണ്ടും പ്രതീക്ഷിച്ചുകൊണ്ടും,
**ജനനീതി**ക്കുവേണ്ടി,

**കുസുമം ജോസഫ്**
ചെയർപെഴ്സൺ

**പി. സുനിൽകുമാർ**
പ്രോഗ്രാം കോർഡിനേറ്റർ

**ജോർജ് പുലികുത്തിയിൽ**
എക്സി. ഡയറക്ടർ

---

**ജനനീതി**

**P.B.No.8, മണ്ണുത്തി, തൃശ്ശൂർ -680 651**

**മൊബൈൽ : 9495927338**